# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1496 — 03.10.2016 ൽ - മറുപടിക്ക്

### ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) 'ഭക്ഷ്യ സുരക്ഷാ നിയമം' നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (എ) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-07-2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 - ൽ കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013 ലെ സ.ഉ.(കൈ)നം.53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households)**, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door steps delivery)**, റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ **(online allocation)**, പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്. 01.03.2017 മുതൽ റേഷൻ കാർഡുകൾ വിതരണം ചെയ്ത് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*